## അറിയിപ്പ് I

മി. സ്പീക്കർ: ഒരു സന്തോഷകരമായ കാര്യം സഭയെ അറിയിക്കാനുണ്ട്. പാലക്കാട് ഹെലൻ കെല്ലർ സെന്റിനറി മെമ്മോറിയൽ മോഡൽ സ്കൂൾ ഫോർ ദ ബ്ലൈൻഡ് -ലെ വിദ്യാർത്ഥികൾ സഭാനടപടികൾ നിരീക്ഷിക്കുന്നതിനായി ഗ്യാലറിയിലുണ്ട്. പുറംകണ്ണിന്റെ കുറവുണ്ടെങ്കിലും അകക്കണ്ണുകൊണ്ട് സഭയെ കണ്ട് മനസിലാക്കാൻ വന്നവരെ സഭയ്ക്കുവേണ്ടി അഭിനന്ദനങ്ങൾ അറിയിക്കുന്നു.

## അറിയിപ്പ് II

സോഫ്റ്റ്കോപ്പി ലഭ്യമാക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ശ്രദ്ധക്ഷണിക്കലിനും സബ്മിഷനും ബഹുമാനപ്പെട്ട മന്ത്രിമാർ നൽകുന്ന മറുപടികളുടെ സോഫ്റ്റ്കോപ്പി ലഭ്യമാകാത്തതുകൊണ്ട് ഇപ്പോൾത്തന്നെ സിസ്റ്റത്തിൽ അപ്‌ലോഡ് ചെയ്യാൻ പ്രയാസമുണ്ട്. അത് ലഭ്യമാക്കണം. ഉത്തരം സഭയിൽ പറഞ്ഞയുടനെതന്നെ അതിന്റെ സോഫ്റ്റ്കോപ്പി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിമാരോട് അഭ്യർത്ഥിക്കുകയാണ്. അങ്ങനെ ചെയ്താൽ എല്ലാവർക്കും മറുപടി അപ്പോൾത്തന്നെ സിസ്റ്റത്തിൽ ലഭ്യമാകും.